# കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

നമ്പർ: പി.ആർ.(1)9597/2024/ഗ.വി./45 തിരുവനന്തപുരം

15.03.2024

## പ്രസിദ്ധീകരണത്തിന്

### അഭിമുഖം

കൊല്ലം ജില്ലയിൽ മുനിസിപ്പൽ കോമൺ സർവീസിൽ ലൈബ്രേറിയൻ ഗ്രേഡ് 4 (നേരിട്ടും തസ്തികമാറ്റം മുഖേനയും) (കാറ്റഗറി നമ്പർ 494/2020, 497/2020) തസ്തികയുടെ ചുരുക്കപട്ടികയിലുൾപ്പെട്ടവർക്ക് 2024 മാർച്ച് 20, 22 തീയതികളിൽ പി.എസ്.സി. കൊല്ലം ജില്ലാ ഓഫീസിൽ വച്ച് അഭിമുഖം നടത്തും. ഉദ്യോഗാർത്ഥികൾക്കുള്ള പ്രൊഫൈൽ സന്ദേശം, എസ്.എം.എസ്. എന്നിവ നൽകിയിട്ടുണ്ട്. അറിയിപ്പ് ലഭിക്കാത്തവർ പി.എസ്.സി. കൊല്ലം ജില്ലാ ഓഫീസുമായി ബന്ധപ്പെടണം.

കേരള വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ കൊമേഴ്സ് (സീനിയർ) (തസ്തികമാറ്റം മുഖേന) (കാറ്റഗറി നമ്പർ 579/2022), നോൺ വൊക്കേഷണൽ ടീച്ചർ ഇൻ കൊമേഴ്സ് (തസ്തികമാറ്റം മുഖേന) (കാറ്റഗറി നമ്പർ 581/2022) തസ്തികകളിലേക്ക് 2024 മാർച്ച് 26 നും നോൺ വൊക്കേഷണൽ ടീച്ചർ ഫിസിക്സ് (സീനിയർ) (തസ്തികമാറ്റം മുഖേന) (കാറ്റഗറി നമ്പർ 576/2022) തസ്തികയിലേക്ക് മാർച്ച് 27 നും പി.എസ്.സി. ആസ്ഥാന ഓഫീസിൽ വച്ച് അഭിമുഖം നടത്തും. അന്വേഷണങ്ങൾക്ക് ജി.ആർ. 2 സി വിഭാഗവുമായി ബന്ധപ്പെടണം (0471 2546294).

കേരളത്തിലെ സർവ്വകലാശാലകളിൽ യൂണിവേഴ്സിറ്റി എഞ്ചിനീയർ (കാറ്റഗറി നമ്പർ 204/2021) തസ്തികയിലേക്ക് 2024 മാർച്ച് 26 ന് പി.എസ്.സി. ആസ്ഥാന ഓഫീസിൽ വച്ച് അഭിമുഖം നടത്തും. ഉദ്യോഗാർത്ഥികൾക്കുള്ള പ്രൊഫൈൽ സന്ദേശം, എസ്.എം.എസ്. എന്നിവ നൽകിയിട്ടുണ്ട്. സംശയനിവാരണത്തിനായി ജി.ആർ. 8 വിഭാഗവുമായി ബന്ധപ്പെടണം (0471 2546440).

കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡിൽ ഡ്രാഫ്ട്സ്മാൻ (മെക്കാനിക്കൽ) (കാറ്റഗറി നമ്പർ 146/2019) തസ്തികയുടെ ചുരുക്കപട്ടികയിലുൾപ്പെട്ടവർക്ക് 2024 മാർച്ച് 27 ന് പി.എസ്.സി. ആസ്ഥാന ഓഫീസിൽ വച്ച് അഭിമുഖം നടത്തും. ഉദ്യോഗാർത്ഥികൾക്കുള്ള പ്രൊഫൈൽ സന്ദേശം, എസ്.എം.എസ്. എന്നിവ നൽകിയിട്ടുണ്ട്. സംശയനിവാരണത്തിനായി സി.ആർ. 2 വിഭാഗവുമായി ബന്ധപ്പെടണം (0471 2546433).

തിരുവനന്തപുരം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ടീച്ചർ (മാത്തമാറ്റിക്സ്) (മലയാളം മീഡിയം) (തസ്തികമാറ്റം മുഖേന) (കാറ്റഗറി നമ്പർ 497/2022), ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) - ഒന്നാം എൻ.സി.എ.- എസ്.സി.സി.സി. (കാറ്റഗറി നമ്പർ 630/2022) തസ്തികകളിലേക്ക് 2024 മാർച്ച് 27 പി.എസ്.സി. ആസ്ഥാന ഓഫീസിൽ വച്ച് അഭിമുഖം നടത്തും. ഉദ്യോഗാർത്ഥികൾക്കുള്ള പ്രൊഫൈൽ സന്ദേശം, എസ്.എം.എസ്. എന്നിവ നൽകിയിട്ടുണ്ട്.

### വകുപ്പുതല ഓൺലൈൻ പരീക്ഷ

2024 മാർച്ച് 25 ന് നടത്തുന്ന ലീഗൽ അസിസ്റ്റന്റ് (പാർട്ട് 2- കമ്പയിൻഡ് എക്സാമിനേഷൻ ഫോർ ദ കേരള സ്റ്റാമ്പ് ആക്ട്, 1959 & ദ ലിമിറ്റേഷൻ ആക്ട് തുടങ്ങിയവ) സ്പെഷ്യൽ ടെസ്റ്റ് - മാർച്ച് 2024 ന്റെ വകുപ്പുതല ഓൺലൈൻ പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് പരീക്ഷാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാണ്.

**സുനുകുമാർ കെ.വി.**
പബ്ലിക് റിലേഷൻസ് ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ